## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2896

07.02.2018-ൽ മറുപടിയ്ക്ക്

## വെങ്കിടങ്ങ് പഞ്ചായത്തിലെ റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് റോഡിൽ ക്രിസ്ത്യൻ പള്ളിക്ക് സമീപത്തെ ഇടുങ്ങിയ ഭാഗം ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) പ്രസ്തുത ഭാഗം ഭൂമി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനായി 23.02.2015-ലെ സ.ഉ. (സാധാ) നം. 278/2015/പൊ.മ.വ പ്രകാരം 130 ലക്ഷം രൂപയും, 19.11.2015-ലെ സ.ഉ. (സാധാ) നം. 1693/2015/പൊ.മ.വ പ്രകാരം 52.50 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റ് പ്രകാരമുള്ള ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുത്ത് കൈമാറുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) വെങ്കിടങ്ങ്-കണ്ണോത്ത്-പുല്ല റോഡിൽ വെങ്കിടങ്ങ് പഞ്ചായത്ത് അതിർത്തി കഴിഞ്ഞ് പൂർത്തിയാക്കാൻ അവശേഷിക്കുന്ന മൂന്ന് കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിന്റെ രണ്ടാം റീച്ചിന്റെ (6/500 മുതൽ 10/000 വരെ) 1360 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ ഫണ്ടിന്റെ അപര്യാപ്തത മൂലം 27.02.2016-ലെ 3973/ജി2/2016/പൊ.മ.വ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് മടക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ